(ബി) ഒരു കൂടിൽ വ്യവസായബോർഡിനെ നിയമിച്ചിട്ടുണ്ട്.

(സി) ഉദ്ദേശം മൂന്നുമാസമായി പ്രവർത്തനം തുടങ്ങിയതേയുള്ളൂ.

അലൂമിനിയം ഫാക്ടറി

*ചോ. നം. (൪൯) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ആലുവായിലുള്ള അലൂമിനിയം ഫാക്ടറിയുടെ മൂലധനമെന്താണു്;

(ബി) അതിൽ വിദേശ മൂലധനമെത്ര; തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറു് ഇറക്കിയിട്ടുള്ള മൂലധനമെത്ര?

വ്യവസായവും തൊഴിലും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ):

(എ) ൨ ൦ ൦ ലക്ഷം രൂപാ.

(ബി) തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറിനു് ൧൭.൫ ലക്ഷം രൂപായുടെ ഓഹരി ഉണ്ടു്. വിദേശമൂലധനമെത്രയെന്നു് ഗവൺമെൻറിനറിവില്ല. വിവരങ്ങൾ ശേഖരിക്കുന്നതേയുള്ളൂ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ആ കമ്പനിയുടെ നടത്തിപ്പിൽ ഈ ഗവൺമെൻറിനു് എന്തെങ്കിലും അധികാരമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ആ കമ്പനിയിൽ ഗവൺമെൻറിന്റെ ഒരു ഡയറക്ടർ ഉണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ കമ്പനി ഇപ്പോൾ ലാക്കൌട്ടു് ചെയ്തിരിക്കയാണെന്നറിയാമോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇപ്പോൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടു്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ അലൂമിനിയം ഫാക്ടറിക്കു് പ്രത്യേകമായി വല്ല സൌജന്യങ്ങളും അനുവദിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: വല്ല സൌജന്യങ്ങളും അനുവദിച്ചിട്ടുണ്ടോ എന്നു് ഇപ്പോൾ പറയാൻ നിവർത്തിയില്ല; അതിനു് നോട്ടീസു് വേണം.

ശ്രീ. കെ. രാമചന്ദ്രൻ: ഗവൺമെൻറിൽനിന്നും നിയമിച്ചിരിക്കുന്നതായ ഡയറക്ടർ എത്ര കമ്പനികളിൽ ഡയറക്ടറാണു്?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി

*ചോ. ൭. (൫൦) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡിയുടെ കാര്യത്തിൽ കേന്ദ്രഗവൺമെൻറിന്റെ അടുക്കൽ നിവേദനം നടത്തിയതിന്റെ ഫലമെന്താണു്;

(ബി) അരിവില വർദ്ധിപ്പിക്കാനുള്ള കേന്ദ്രഗവൺമെൻറിന്റെ ശുപാർശ നടപ്പിൽ വരുത്താനാലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly